**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2559

17.06.2019 ലെ മറുപടിയ്ക്ക്.

**<u>പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനുള്ള പദ്ധതികൾ</u>**

<table>
<tr><td colspan="2">ചോദ്യം<br>ശ്രീ.വി.ടി.ബൽറാം</td><td colspan="2">ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി</td></tr>
<tr><td>(എ)</td><td>പട്ടികജാതി വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയ പഠനമുറി സംവിധാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകമോ; ഇതിനകം എത്ര പഠനമുറികൾ പൂർത്തിയാക്കുവാൻ സാധിച്ചുവെന്ന് വെളിപ്പെടുത്താമോ;</td><td>(എ)</td><td>സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് സ്പെഷ്യൽ/ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ നിലവിലുള്ള വീടിനോടൊപ്പം 120 sq.ft. വലിപ്പത്തിൽ പഠനമുറി നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം 2017-18 വർഷം 6623 പഠന മുറികളും 2018-19 വർഷം 4653 പഠനമുറികളും നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിൽ 2017-18 വർഷം അനുവദിച്ചതിൽ 4680 പഠനമുറികളും 2018-19 വർഷം അനുവദിച്ചതിൽ 495 പഠനമുറികളും പൂർത്തീകരിച്ചിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാൻ ആവിഷ്ക്കരിച്ച സാമൂഹ്യ പഠനമുറി സൗകര്യം ഇതിനകം എത്ര കേന്ദ്രങ്ങളിൽ ഏർപ്പെടുത്തി; പ്രസ്തുത കേന്ദ്രങ്ങളിൽ എന്തൊക്കെ സൗകര്യങ്ങളാണ് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നത് എന്ന് അറിയിക്കാമോ;</td><td>(ബി)</td><td>2017-18 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 100 സാമൂഹ്യ പഠന മുറികൾ നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><td>കാസർഗോഡ്</td><td>5</td></tr>
<tr><td>കണ്ണൂർ</td><td>5</td></tr>
<tr><td>വയനാട്</td><td>5</td></tr>
<tr><td>കോഴിക്കോട്</td><td>25</td></tr>
<tr><td>മലപ്പുറം</td><td>7</td></tr>
<tr><td>തൃശ്ശൂർ</td><td>2</td></tr>
<tr><td>പാലക്കാട്</td><td>25</td></tr>
<tr><td>എറണാകുളം</td><td>3</td></tr>
<tr><td>ഇടുക്കി</td><td>15</td></tr>
<tr><td>പത്തനംതിട്ട</td><td>3</td></tr>
<tr><td>കൊല്ലം</td><td>2</td></tr>
</table></td></tr>
</table>

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം 5<br>ആകെ **100**<br>ഓരോ സാമൂഹ്യ പഠന മുറിയിലും ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ (2 എണ്ണം) യു.പി.എസ് (2), വൈറ്റ് ബോർഡ് (1), എൽ.ഇ.ഡി മോണിറ്റർ (1), എൽ.ഇ.ഡി ഡിസ്പ്ലേ (1), കമ്പ്യൂട്ടർ ടേബിൾ രണ്ട് വിദ്യാർത്ഥികൾക്ക് വീതം ഇരിക്കുവാൻ കഴിയുന്ന കസേരയോടുകൂടിയ 15 സ്റ്റഡി ടേബിളുകൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണം, പഠന സാമഗ്രികൾ, ഇന്റർനെറ്റ് സൗകര്യം, പുസ്തകങ്ങൾ തുടങ്ങിയ അധിക സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതികളിലൂടെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ പഠന നിലവാരത്തിൽ പുരോഗതി കൈവരിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | (സി) | പട്ടികജാതി വിഭാഗത്തിലെ കുട്ടികളുടെ വീടിനോടൊപ്പം പഠനമുറി നിർമ്മിച്ചത് വഴി പഠനനിലവാരം മെച്ചപ്പെട്ടതു അടുത്തവർഷമേ വ്യക്തമാകുകയുള്ളൂ.<br>പ്രസ്തുത പദ്ധതികളിലൂടെ പട്ടിക വർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ പഠന നിലവാരത്തിൽ പുരോഗതി കൈവരിച്ചിട്ടുണ്ട്. കൂടാതെ സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കൂടാതെ കോളനിയിൽ അക്ഷരാഭ്യാസമില്ലാത്ത കുട്ടികളുടെ എണ്ണത്തിലും കുറവ് വന്നിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതികൾക്കായി ഇതിനകം എന്ത് തുകയാണ് ചെലവഴിച്ചത്; ഇവയ്ക്കായി എന്തെങ്കിലും കേന്ദ്രസഹായം ലഭ്യമാണോ; വിശദാംശം നൽകുമോ? | (ഡി) | പട്ടികജാതി വകുപ്പ് നടപ്പാക്കുന്ന പഠനമുറി പദ്ധതിപ്രകാരം 2017-18 വർഷം 56,53,11,250/- രൂപയും 2018-19 വർഷം 1,20,50,10,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലേക്ക് കേന്ദ്രസഹായം ലഭിച്ചിട്ടില്ല.<br>പ്രസ്തുത പദ്ധതികൾക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് 2017-18 സാമ്പത്തിക വർഷം 12,29,00,770/- രൂപ (പന്ത്രണ്ട് കോടി ഇരുപത്തിയൊൻപത് ലക്ഷത്തി എഴുന്നൂറ്റി എഴുപത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ